
ISSN-0971-8400

# യോജന

Azadi Ka Amrit Mahotsav

മാർച്ച് 2022 | ഒരു വികസന പത്രിക | ₹ 30

## കേന്ദ്ര ബജറ്റ്
## 2022 – 23



**ഫെഡറലിസത്തെ ശക്തിപ്പെടുത്തൽ**
ഡോ. രാജീവ് കുമാർ

**അമൃതകാലത്തിലേക്ക്**
ഡോ. പി. ഗോപിനാഥൻപിള്ള

**വൈജ്ഞാനിക സമ്പദ്ഘടന**
ഡോ. ക്രിസ്റ്റബെൽ പി.ജെ.

**സാങ്കേതികവിദ്യയുടെ ചിറകിലേറി**
ഡോ. സുനിൽ എബ്രഹാം തോമസ്

**അടിസ്ഥാനസൗകര്യ വികസനം**
നിതിൻ ഗഡ്കരി

**നികുതി നിർദ്ദേശങ്ങൾ**
തരുൺ ബജാജ്

**കാലാനുസൃത സന്തുലിത ബജറ്റ്**
ഡോ. റ്റി.വി. സോമനാഥൻ

**ടൂറിസം മേഖല**
ഡോ. ലിജി കെ.റ്റി.

# സാങ്കേതികവിദ്യയുടെ ചിറകിലേറി

ഡോ. സുനിൽ എബ്രഹാം തോമസ്

**കോ**വിഡ് മൂന്നാംഘട്ട വ്യാപനം, 5 സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ്, പൊതുവെയുള്ള ഒരു സാമ്പത്തിക തളർച്ച എന്നിവയുടെ പശ്ചാത്തലത്തിൽ അവതരിപ്പിച്ച 2022-23 വർഷത്തെ കേന്ദ്രബജറ്റ് വളരെ ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ് ഭാരതത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാനും, മുന്നോട്ടു കൊണ്ടുപോകുവാനും സാഹചര്യമൊരുക്കുന്ന പ്രഖ്യാപനങ്ങൾ ഈ ബജറ്റിൽ കാണാവുന്നതാണ്. എന്നാൽ ജനങ്ങളുടെ നിലവിലുള്ള സാമ്പത്തികസാഹചര്യം മെച്ചപ്പെടുത്തുവാൻ, പ്രത്യേകിച്ച് ഹ്രസ്വകാലത്ത് (Short Run) ഒരുമാറ്റം കൊണ്ടുവരുവാൻ സാധിക്കുന്ന പ്രഖ്യാപനങ്ങൾ കുറവാണ്

തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുള്ള പ്രഖ്യാപനങ്ങൾ തീരെക്കുറവ്, കാർഷികമേഖലയിൽ കഴിഞ്ഞ കാലങ്ങളിൽ നിന്ന് വലിയമാറ്റം വരുത്തുവാൻ ഉതകുന്ന പ്രഖ്യാപനങ്ങൾ കുറവ്, എന്നിങ്ങനെ ചില പ്രത്യേകതകൾ ഉണ്ടെങ്കിലും എല്ലാ മേഖലകളെയും ഒന്ന് സ്പർശിച്ചു പോകുവാൻ കേന്ദ്രധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ ശ്രമിച്ചു എന്നത് നാം കാണുകയും വേണം. അടിസ്ഥാനസൗകര്യങ്ങൾ വിപുലമാക്കുവാൻ പി.എം.ഗതി ശക്തിക്ക് കീഴിൽ പുതിയ ധാരാളം പദ്ധതികൾ അവതരിപ്പിക്കുകയും അതിനുവേണ്ടി പണം മാറ്റിവയ്ക്കുകയും ചെയ്തിരിക്കുന്നു. അടുത്ത 25 വർഷം, രാജ്യം സ്വാതന്ത്ര്യത്തിന്റെ നൂറാം വർഷം ആഘോഷിക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ വേണ്ടവിധത്തിൽ വിപുലപ്പെടുത്തുവാൻ ലക്ഷ്യംവെയ്ക്കുന്ന ക്രിയാത്മകമായ പദ്ധതികൾ രേഖപ്പെടുത്തിയിരിക്കുന്നു. റോഡ്, റെയിൽവേ, ലോജിസ്റ്റിക്സ് (Logistics) എന്നീ മേഖലയുടെ സമഗ്രമായ വികസനത്തിന് 20,000കോടി രൂപയോളം മാറ്റിവച്ചിരിക്കുന്നു. ദേശീയപാത വികസനവും സംസ്ഥാന പാതകളുടെ വികസനവും ധാരാളം ഗുണങ്ങൾ (Externalities) സമ്പദ്ഘടനയുടെ വികസനത്തിനൊരുക്കുക എന്നത് പ്രധാന ലക്ഷ്യമാണ്.

കാർഷിക മേഖലയിലേക്ക് വലിയ തുക മാറ്റിവച്ചില്ലെങ്കിലും ധാന്യങ്ങളുടെ സംഭരണത്തിനും നാണ്യവിളയ്ക്കും മറ്റുമായി ഏകദേശം 2.4 കോടി രൂപ നീക്കി വെച്ചിരിക്കുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പുതിയ സംരംഭങ്ങൾ (Start Ups ) തുടങ്ങുവാനുള്ള പദ്ധതികളും ബജറ്റ് വിഭാവനം ചെയ്യുന്നു.

ചെറുകിട, ഇടത്തരം മേഖലയ്ക്കും പണം നീക്കിവെച്ചിരിക്കുന്നു എന്നതും നാം മനസ്സിലാക്കേണ്ടതാണ്. വിദ്യാഭ്യാസമേഖലയെ കൂടുതൽ ഡിജിറ്റൽ (Digitalisation) ആക്കുവാൻ പ്രാധാന്യം നല്കുന്നതോടൊപ്പം വിദ്യാഭ്യാസം കൂടുതൽ ഓൺലൈൻ (online) ആക്കുന്നതിനുവേണ്ടി പ്രദേശിക ചാനലുകൾ വികസിപ്പിക്കുവാനുള്ള പ്രഖ്യാപനങ്ങൾ ബജറ്റിൽ കാണാവുന്നതാണ്. ജല, സൗരോർജപദ്ധതികൾക്കായി പ്രത്യേക വിഹിതം, ഇലക്ട്രിക്ക് വാഹന മേഖലയ്ക്കായി പ്രത്യേകനയങ്ങളും രൂപികരിച്ചിരിക്കുന്നു. ഇത്തരത്തിൽ സമസ്തമേഖലകളെയും പരാമർശിക്കുന്നത് കാണാവുന്നതാണ്. എന്നാൽ 2022-23 വർഷത്തിലെ ബജറ്റിന്റെ പ്രധാന സവിശേഷത അല്ലെങ്കിൽ പ്രത്യേകമായ ഊന്നൽ ലഭിച്ചിരിക്കുന്നത് ഡിജിറ്റൽ മേഖലയിലാണ്. അതുകൊണ്ട് തന്നെ ഈ വർഷത്തിലെ ബജറ്റിനെ ഒരു ഇ-ബജറ്റായി കാണുന്നവർ ധാരാളമുണ്ട്. ചില പ്രധാന പ്രഖ്യാപനങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

1. ബ്ലോക്ക് ചെയിൻ (Block Chain) അധിഷ്ഠിത സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇന്ത്യയുടെ ഡിജിറ്റൽ കറൻസി (Digital Currency) അവതരിപ്പിക്കും. 2. ഗ്രാമങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയ്ക്കായി പ്രത്യേക പദ്ധതി. 3. പോസ്റ്റോഫിസുകളിൽ കോർബാങ്കിംഗ് സംവിധാനം വിപുലീകരിക്കും. 1.5 ലക്ഷം തപാൽ ഓഫീസുകൾ മുഖേന ഇനി ഡിജിറ്റൽ ഇടപാടുകൾ നടത്താം. 4. ഡിജിറ്റൽ വിദ്യാഭ്യാസത്തിനായി പ്രത്യേക പദ്ധതി ആരംഭിക്കും. 5. ആസ്തികൾ എന്ന നിലയ്ക്ക് 30 ശതമാനം നികുതി ക്രിപ്റ്റോ കറൻസികളുടെ മേൽ (Cryptocurrency) ചുമത്തുവാൻ തീരുമാനം. 6. ഇ-പാസ്പോർട്ട് വിതരണം തുടങ്ങുവാനുള്ള ശക്തമായ നീക്കങ്ങൾ ആരംഭിക്കും. 7. 5 ജി ടെലികോം സേവനങ്ങൾ രാജ്യത്ത് എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു. 8. സ്മാർട്ട് ഫാമിങ്ങ് പദ്ധതികൾ നടപ്പാക്കും. 9. ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിക്കും.

**ഇന്ത്യയുടെ ഡിജിറ്റൽ കറൻസി :** 2022-23 വർഷത്തിലെ ഏറ്റവും പ്രധാന പ്രഖ്യാപനങ്ങളിലൊന്ന് ഇന്ത്യയുടെ ഡിജിറ്റൽ കറൻസിയുമായി ബന്ധപ്പെട്ടതാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI) ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഈ സാമ്പത്തിക വർഷം തന്നെ ഡിജിറ്റൽ കറൻസി അവതരിപ്പിക്കും. പൂർണ്ണമായും റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ ആയിരിക്കും പുതിയ ഡിജിറ്റൽ കറൻസി. അതു കൊണ്ടുതന്നെ ഇത് നിയമപരമായ ടെൻഡർ കറൻസിയാണ്. പേപ്പറിൽ ഇറക്കുന്ന ഒരു കറൻസിക്ക് സമാനമാണ്. ഉപയോഗിക്കുന്നവർക്ക് ഡിജിറ്റലിന്റെ സൗകര്യവും, എന്നാൽ പരമ്പരാഗത ബാങ്കിംഗ് സംവിധാനത്തിന്റെ കരുതലും ലഭിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. ഈ ഡിജിറ്റൽ കറൻസി എങ്ങനെ ഉപയോഗിക്കണമെന്നും, എന്തൊക്കെ കരുതലുകൾ വേണമെന്നും എന്നുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര ബാങ്ക് നല്കുന്നതായിരിക്കും. പല വികസിത രാജ്യങ്ങൾ യു.എസ്., ചൈന, ആസ്ട്രേലിയ എന്നിവർ പുതിയ

ഡിജിറ്റൽ കറൻസിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇന്ത്യയും അവരോട് ചേർന്ന് അതിന് സൗകര്യം ഒരുക്കുകയാണ് എന്നാൽ ഇത്തരത്തിലുള്ള പണമിടപാടുകളിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികളുണ്ടോ എന്നത് നാം കൂടുതൽ പഠനവിധേയമാക്കേണ്ടതാണ്. തീർച്ചയായും നമ്മുടെ കേന്ദ്രബാങ്ക് അത് ചെയ്യുമെന്ന് നമുക്ക് ഉറപ്പിക്കാം. അതിനുശേഷം എങ്ങനെയാണ് ഡിജിറ്റൽ കറൻസിയുടെ വിനിയോഗം എന്നതിനെക്കുറിച്ച് വിശദമായ മാർഗ്ഗരേഖകൾ ലഭിക്കും. ഇന്നത്തെ കാലത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി ഭാരതവും മാറുന്നു എന്നത് നല്ലൊരു സൂചന തന്നെയാണ് ഡിജിറ്റൽ കറൻസി സാമ്പത്തികമേഖലയ്ക്ക് പുത്തനുണർവ് നൽകും എന്നതിലും സംശയമില്ല.

**ക്രിപ്റ്റോകറൻസികൾ** : ക്രിപ്റ്റോകറൻസികളുടെ വിനിയോഗത്തിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിനു മേൽ 30ശതമാനം നികുതി ഏർപ്പെടുത്തുമെന്നത് തികച്ചും വ്യത്യസ്തമായ പ്രഖ്യാപനമായിരുന്നു. 30 ശതമാനം നികുതി ഏർപ്പെടുത്തിയതിനെ സന്തോഷത്തോടെ സ്വീകരിച്ച് ഒരു വിഭാഗം നമ്മുടെ കൂട്ടത്തിലുണ്ട്. നികുതി നടപ്പിലാക്കുമ്പോൾ, ക്രിപ്റ്റോ കറൻസി അംഗീകരിക്കുന്നു എന്ന ചിന്ത ഇവർക്കിടയിൽ പ്രബലമാണ്. എന്നാൽ നമ്മുടെ ധനകാര്യമന്ത്രി അതിനെ തിരുത്തികൊണ്ട് പറഞ്ഞത്, നികുതി നടപ്പിലാക്കുന്നത് ഒരിക്കലും ക്രിപ്റ്റോ കറൻസി അംഗീകരിക്കലല്ല എന്നതാണ്. ഒരു തരത്തിലുള്ള ഇളവുകളും ലഭിക്കുകയില്ല എന്നകാര്യവും വളരെ വ്യക്തമായി ധനമന്ത്രി അറിയിച്ചിട്ടുണ്ട്. എന്നാലും ഇത്തരം കറൻസികൾ കൈകാര്യം ചെയ്യുന്നവർ തികച്ചും ശുഭപ്രതീക്ഷയിലാണ്. എന്നാൽ നികുതി വരുമാനം എങ്ങനെ നിജപ്പെടുത്തും, എങ്ങനെ കണക്കുകൂട്ടും എന്നീ കാര്യങ്ങളിൽ വളരെയധികം ആശങ്കകൾ നിലനിൽക്കുകയാണ്. ഇത്തരം കറൻസികളുടെ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യം ഇതിന്റെ പിന്നിലുണ്ട് എന്ന് പറയപ്പെടുന്നു. നികുതി നടപ്പിലാക്കിയതിന്റെ സ്വാധീനം ക്രിപ്റ്റോകറൻസികളുടെ (cryptocurrency) വിപണനത്തിൽ ശക്തമായി തെളിഞ്ഞു തുടങ്ങികഴിഞ്ഞു. 30% നികുതി നടപ്പിലാക്കിയതിനെ രൂക്ഷമായി വിമർശിക്കുമ്പോഴും Crypto currencyയുടെ 'Sigu ups' ഏതാണ്ട് 50ശതമാനത്തിലധികം വർദ്ധിക്കുന്നതായാണ് റിപ്പോർട്ടുകൾ. Cryptocurrency യുടെ വിപണനത്തിൽ നിന്നും പിൻമാറുന്നതിനുപകരം അതിന്റെ ഉപയോഗം വർദ്ധിക്കുന്നത് നാം വളരെയധികം ശ്രദ്ധയോടെ പഠിക്കേണ്ടതാണ്. നമ്മുടെ ഭരണകർത്താക്കളും ഈയൊരു നീക്കം ശ്രദ്ധയോടെ തന്നെയാണ് കാണുന്നത്; കാണേണ്ടതും.

**ഗെയിമിങ്ങ് ആനിമേഷൻ മേഖല :** ഗെയിമിങ്ങ് (Gaming), ആനിമേഷൻ (Animation) അനുബന്ധമേഖലകളിൽ വലിയ പുരോഗതിക്ക് വഴിയൊരുക്കുന്ന പ്രഖ്യാപനങ്ങൾ നമുക്ക് ബജറ്റിൽ കാണാവുന്നതാണ്. ഈ മേഖലകളിൽ പുരോഗതി ഉറപ്പാക്കുവാനും മുന്നോട്ടുപോകുവാൻ സഹായിക്കുന്ന തരത്തിലുള്ള നീക്കങ്ങൾ നടത്തുവാനും ഒരു ദൗത്യസംഘം രൂപീകരിക്കുവാൻ ബജറ്റ് വിഭാവനം ചെയ്യുന്നു. എവിജിസി(AVGC) പ്രമോഷൻ ടാസ്ക് ഫോഴ്സ് എന്നാകും പുതിയ സംഘത്തിന്റെ പേര്. ഗെയിമിങ്ങ്, ആനിമേഷൻ മേഖലയിൽ ഭാരതത്തിന്റേതായൊരു കൈയ്യൊപ്പ് നല്കുവാൻ ഇവരുടെ പ്രവർത്തനങ്ങൾക്ക് സാധിക്കും എന്നുതന്നെയാണ് കരുതുന്നത്. ജോലി സാധ്യതകൾ ധാരാളം തുറക്കപ്പെടും. എന്നുതന്നെയല്ല ക്രിയാത്മകമായ ജോലികൾ, ഇത്തരം മേഖലകളിൽ താല്പര്യമുള്ളവർക്ക് ഭാരതത്തിൽ തന്നെ നിന്നുകൊണ്ട് ചെയ്യുവാനും നമ്മുടെ രാജ്യത്തിന്റെ മേൽവിലാസത്തോടെ മറ്റു രാജ്യങ്ങൾക്ക് ലഭ്യമാക്കുവാനും ഇത് സഹായിക്കും.

**ആരോഗ്യമേഖല :** ധനമന്ത്രി തന്റെ ബജറ്റ് പ്രസംഗത്തിൽ എല്ലാ മേഖലകളിലും ഡിജിറ്റൽ വിപ്ലവം കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ, ആരോഗ്യമേഖലയെയും അതിനോടു ചേർത്തുനിർത്തുവാൻ നല്ലതുപോലെ ശ്രമിക്കുകയുണ്ടായി. ആരോഗ്യപ്രവർത്തകരുടെയും, ആരോഗ്യമേഖലയിലെ സൗകര്യങ്ങളുടെയും, വിവരങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശേഖരിക്കും എന്ന പ്രഖ്യാപനം തീർത്തും സ്വാഗതം ചെയ്യേണ്ടതാണ്. ഗ്രാമീണമേഖലകളിൽ രോഗികളെയും, ആരോഗ്യപ്രവർത്തകരെയും ഒരുമിച്ചു കൊണ്ടുവരുവാനും അവരുടെ ജീവിതത്തിൽ ആരോഗ്യകരമായ മാറ്റം രൂപപ്പെടുത്തുവാനും ഈ നീക്കം സഹായിക്കും.

പ്രതീക്ഷിച്ച പലതും പ്രഖ്യാപിച്ചില്ല എങ്കിലും ആരോഗ്യമേഖലയിൽ പലതരത്തിലുള്ള നികുതിയിളവുകൾ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽ ഇടപെടലുകൾ ആവശ്യമായിരുന്നു എന്ന ചിന്ത പ്രബലമായി തന്നെ തുടരുകയും ചെയ്യുന്നു. ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും പ്രാപ്തമാക്കുന്ന തരത്തിലുള്ള ഇളവുകളും, നയങ്ങളും, രൂപീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

**പോസ്റ്റ് ഓഫീസ് കോർബാങ്കിംഗ്** : 2022-23 വർഷത്തിലെ ബജറ്റിൽ ഏറ്റവും ശ്രദ്ധേയമായ പ്രഖ്യാപനം പോസ്റ്റ് ഓഫീസുകളെ കോർ ബാങ്കിംഗ് സംവിധാനത്തിനുകീഴിൽ കൊണ്ടുവരണമെന്നതായിരുന്നു. ഏതാണ്ട് 1.5 ലക്ഷം പോസ്റ്റ് ഓഫീസുകളെ കോർ ബാങ്കിങ്ങ് സംവിധാനത്തിനു കീഴിൽ കൊണ്ടുവരുക എന്നതാണ് ലക്ഷ്യം. ഇത് തീർച്ചയായും നമ്മുടെ പോസ്റ്റ് ഓഫീസ് ബാങ്കിങ്ങിന് പുതുജീവൻ നല്കും എന്നതിൽ സംശയമില്ല. പുതിയ സങ്കേതികവിദ്യയുടെ തള്ളിക്കയറ്റത്തിൽ പിൻതള്ളപ്പെട്ട ഈ മേഖല ശക്തിയോടെ തിരികെ വരുന്നു എന്നത് നല്ലൊരു കാര്യം തന്നെയാണ്. നെറ്റ് ബാങ്കിങ്ങ്, മൊബൈൽ ബാങ്കിങ്ങ്, എ.ടി.എം എന്നിവ വഴി ആയിരക്കണക്കിന് ഉപഭോക്താക്കൾക്ക് പോസ്റ്റ് ഓഫീസ് ശാഖകളിലെ അക്കൗണ്ടുകൾ ഉപയോഗിക്കാം എന്നതാണ് ഇതിന്റെ ഏറ്റവും വലിയ ഗുണം. ഓൺലൈനായി പണം കൈമാറ്റം ചെയ്യുവാനും ഈ നീക്കം സഹായിക്കും. പോസ്റ്റ് ഓഫീസ് കോർബാങ്കിങ്ങ് സംവിധാനം, വലിയ വിപ്ലവം ഉണ്ടാക്കുവാൻ പോകുന്നത് ഗ്രാമീണമേഖലകളെയാണ്. ബാങ്കിങ്ങ്

സേവനങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ പോസ്റ്റ് ഓഫീസ് സേവനങ്ങൾ നിലനിൽക്കുന്നുണ്ട്. അത്തരം മേഖലകളെകൂടി ബാങ്കിങ്ങ് പരിധിയിൽ കൊണ്ടു വരാൻ ഈ നീക്കം സഹായിക്കും. ഇത് ഒരു ഡിജിറ്റൽ ശാക്തീകരണത്തിന് (Digital empowerment) ആക്കം കൂട്ടുന്ന നടപടി തന്നെയാണ്.

**ഒപ്റ്റിക്കൽ ഫൈബർ ശൃംഖല (ഭാരത് നെറ്റ്)** :2010-ൽ പ്രഖ്യാപിച്ച ഭാരത്നെറ്റ് പദ്ധതി (Bharat Net) 2025-ൽ പൂർത്തിയാക്കുവാൻ ഉതകുന്ന തരത്തിൽ മുന്നോട്ടുപോകുവാൻ ബജറ്റിൽ തുക വകയിരിത്തിയിരിക്കുന്നു. 2.5 ലക്ഷം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഈ ബൃഹത്പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുക വലിയ ലക്ഷ്യമായി തന്നെ സർക്കാർ കാണുകയാണ്. ഏകദേശം 30,000 കോടി രൂപ ചെലവ് കാണുന്ന പ്രസ്തുത പദ്ധതി ഗ്രാമപ്രദേശത്തിന്റെ മുഖഛായ തന്നെ മാറ്റുവാൻ സാധിക്കുന്നതാണ്. തങ്ങൾക്ക് ലഭിക്കുന്ന Universal service obligation fund (USOF) 5% ശതമാനം ഗ്രാമപ്രദേശങ്ങളിലെ brodband-mobile വ്യാപനത്തിനുവേണ്ടി മാറ്റിവയ്ക്കുവാൻ തീരുമാനിക്കുന്നത് നല്ലൊരു നീക്കം തന്നെയാണ്.


**5ജി കണക്റ്റിവിറ്റി** : 2023-ഓടെ രാജ്യത്ത് 5ജി കണക്റ്റിവിറ്റി ലഭ്യമാക്കുമെന്ന് ധനകാര്യമന്ത്രി പ്രഖ്യാപിച്ചു. 5ജി ടെലികോം സർവീസിനായുള്ള സ്പെക്ട്രം ലേലവും ഈ കാലയളവിൽ ഉണ്ടാകും. 5ജി എത്തുന്നതോടെ രാജ്യത്ത് ഉയർന്ന നിലവാരമുള്ള ഇന്റർനെറ്റ് ലഭ്യമാകും. ഇത് സമ്പത്ത് ഘടനയിലും വലിയ മാറ്റങ്ങൾ കൊണ്ടുവരും. രാജ്യത്ത് 13 നഗരങ്ങളിലായിരിക്കും തുടക്കത്തിൽ 5ജി ലഭ്യമാകുന്നത്. വളരെ പെട്ടെന്ന് തന്നെ അത് മറ്റുള്ള സ്ഥലങ്ങളിലേക്ക് വ്യാപിക്കുവാൻ വേണ്ട സാഹചര്യം ഉണ്ടാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ടെലികോം മേഖലയിൽ നിന്നും സർക്കാർ പ്രതീക്ഷിക്കുന്നത് ഏകദേശം 53,000 കോടി രൂപയാണ്. 5ജി ലേലം മൂലം ഈ തുകയിൽ വലിയ മാറ്റവും ഉണ്ടാകാൻ സാധ്യതയുണ്ട്. ടെലികോം മേഖലയിലെ വികസനം സർക്കാരിന് കുടുതൽ പണവരുമാനം ലഭ്യമാക്കുമെന്നതും ഈ പ്രവർത്തനത്തിന്റെ വേഗത കൂട്ടുവാൻ കാരണമാകും.

**ഇ-പാസ്പോർട്ട്** : എംബഡഡ് (Embedded) ചിപ്പുകളുള്ള ഇ-പാസ്പോർട്ടുകൾ 2022-23 വർഷത്തിൽ രാജ്യത്ത് അവതരിപ്പിക്കും എന്ന പ്രഖ്യാപനം വളരെ ശ്രദ്ധേയമാണ്. ഇ-പാസ്പോർട്ടിൽ വിവരങ്ങൾ സൂക്ഷിക്കുന്ന മൈക്രോചിപ്പ് (Microchip) ഉണ്ടായിരിക്കും. സാധാരണ പാസ്പോർട്ടിന്റെ ഡിജിറ്റൽ രൂപമായിരിക്കും ഇ- പാസ്പോർട്ട്. വിമാനത്താവളങ്ങളിൽ നമുക്ക് സമയം ലാഭിക്കുവാൻ ഇത് കാരണമാകും. കൃത്രിമം കാട്ടുവാനുള്ള സാഹചര്യം ഒഴിവാക്കുകയും വ്യാജ പാസ്പോർട്ട് നിർമ്മാണം ഇല്ലാതാകുകയും ചെയ്യും. ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാണിക്കാൻ ശ്രമിച്ചാൽ പാസ്പോർട്ട് ഉപയോഗശൂന്യമാകും. കൂടുതൽ സുതാര്യത വരുത്തുവാൻ ഈ നീക്കം സഹായിക്കും. പല വികസിത രാജ്യങ്ങളും ഇത് നടപ്പിലാക്കി; അല്ലെങ്കിൽ അതിന്റെ പാതയിലാണെന്ന കാര്യം നാം ശ്രദ്ധിക്കേണ്ടതാണ്.

**ഡിജിറ്റൽ യൂണിവേഴ്സിറ്റി : ഉന്നതവിദ്യാഭ്യാസ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ വ്യാപകമാക്കുവാനും എല്ലാവർക്കും ലഭ്യമാക്കുവാനും ലക്ഷ്യം വെച്ചുകൊണ്ട് ഒരു ഡിജിറ്റൽ യൂണിവേഴ്സിറ്റി (Digital University) ആരംഭിക്കുമെന്ന് ധനമന്ത്രി ബജറ്റ് അവതരണത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. കൂടുതൽ ചാനലുകൾ തുടങ്ങുക; അവ കഴിവതും പ്രാദേശിക ഭാഷയിൽ നടത്തുക എന്നത് ഒരു പ്രധാന ലക്ഷ്യം തന്നെയാണ്. കേരളത്തിൽ ഇതിന്റെ പ്രവർത്തനം ഒരു വർഷം മുമ്പ് തന്നെ ആരംഭിച്ചതായിരുന്നു. രാജ്യത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഈ സർവ്വകലാശാലയിൽ നിന്നും പഠനം നടത്താനാകും. സ്വന്തം ഭാഷയിൽ തന്നെ പഠനം നടത്താം എന്നതും ഇതിന്റെ പ്രത്യേകതയാണ്.** നെറ്റ്വർക്ക് അടിസ്ഥാനത്തിൽ ഹബ് ആന്റ് സ്പോക്ക് (Hub and Spoke) മാതൃകയാണ് മുന്നോട്ടു വയ്ക്കുന്നത്. പക്ഷെ ഇതിനെതിരെ വിമർശനവും ഈ കാലത്ത് വരുന്നുണ്ട്. കുട്ടികൾ എത്രയും വേഗം ക്ലാസ്സുകളിൽ എത്തണം എന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കാര്യങ്ങൾ നടത്തുമ്പോൾ, ഇതിന്റെ പ്രസക്തി ചോദ്യം ചെയ്യപ്പെടുകയാണ്.

**സ്മാർട്ട് ഫാമിങ്ങ്** : കാർഷികമേഖലകളിൽ വിവരസാങ്കേതികവിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുവാൻ പല നയങ്ങളും തീരുമാനങ്ങളും കേന്ദ്രബജറ്റിൽ കാണാവുന്നതാണ്. കൃഷിക്കുള്ള ബജറ്റ് വിഹിതം വളരെ കുറച്ചു മാത്രം വർദ്ധിപ്പിച്ചപ്പോഴും, സാങ്കേതികവിദ്യയുടെ ഉപയോഗം ത്വരിതപ്പെടുത്തുവാനുള്ള നീക്കങ്ങൾ വളരെയുണ്ടുതാനും. അതുകൊണ്ട് തന്നെ പരമ്പരാഗത കൃഷി രീതി, സ്മാർട്ട് ഫാമിങ്ങി(Smart farming)ന് വഴി മാറുന്നു എന്നു കാണുവാൻ സാധിക്കും. സ്മാർട്ട് ഫാമിങ്ങ് ലക്ഷ്യം വയ്ക്കുന്നത് ഉല്പാദനക്ഷമതയിലും കാര്യക്ഷമതയിലുമുള്ള വലിയ മാറ്റമാണ്. അതിന്റെ ഭാഗമായി കിസ്സാൻ ഡ്രോൺ (Drone)ന്റെ ഉപയോഗത്തിനു തുടക്കം കുറിക്കുകയാണ്. Kissan Drone ഉപയോഗിച്ച് കീടനാശിനികൾ തളിക്കുവാനും വളപ്രയോഗം നടത്തുവാനുമുള്ള പ്രഖ്യാപനങ്ങൾ ബജറ്റിൽ കാണാവുന്നതാണ്. ഡ്രോൺ ഉപയോഗം കൃഷിയുടെ വളർച്ചയും മറ്റു കാര്യങ്ങളും കൃത്യമായി വിലയിരുത്തുവാനും പഠനവിധേയമാക്കുവാനും ഉപയോഗിക്കാവുന്നതാണ്. പക്ഷെ ഇത്തരത്തിലുള്ള യന്ത്രങ്ങളുടെ ഉപയോഗം തൊഴിൽ നഷ്ടപ്പെടുവാൻ കാരണമാകും എന്നതും നാം വിസ്മരിച്ചുകൂടാ. വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷിയിടങ്ങളുടെ രേഖകളും വിവരണങ്ങളും മറ്റും കൃത്യമായി സൂക്ഷിക്കുവാനും വിലയിരുത്തുവാനും വഴിതുറക്കും. സർക്കാരുകളുടെ ധന സഹായവും മറ്റു ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുവാനും, ഇത്തരത്തിലുള്ള നീക്കങ്ങൾ സഹായിക്കും. സാങ്കേതികവിദ്യയുടെ

## വിഴിഞ്ഞത്ത് നിർമ്മിച്ച 320 വീടുകളുടെ താക്കോൽദാനം മുഖ്യമന്ത്രി നിർവഹിച്ചു



തിരുവനന്തപുരം കോർപ്പറേഷൻ വിഴിഞ്ഞം മതിപ്പുറത്ത് നിർമിച്ച 320 ഭവനങ്ങൾ ഉൾപ്പെടുന്ന ഭവന സമുച്ചയത്തിന്റെ താക്കോൽദാനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. രാജീവ് ആവാസ് യോജന പദ്ധതിയുടെ ഭാഗമായി വിഴിഞ്ഞം മതിപ്പുറത്ത് 72 കോടി രൂപ ചെലവിൽ 1032 വീടുകളും അനുബന്ധ സൗകര്യങ്ങളും നിർമിക്കാനാണു തിരുവനന്തപുരം നഗരസഭ തീരുമാനിച്ചിട്ടുള്ളതെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. നാലു ഘട്ടങ്ങളിലായാണു നടപ്പാക്കുന്നത്. വീടുകൾക്കു പുറമേ 1000 പേർക്ക് ഉപയോഗിക്കാവുന്ന കമ്യൂണിറ്റി ഹാൾ, രണ്ടു പഠന കേന്ദ്രങ്ങൾ, അംഗൻവാടി, ഹെൽത്ത് ക്ലിനിക്ക്, ഡ്രൈഫിഷ് പ്രൊസസിങ് യൂണിറ്റ്, വസ്ത്ര യൂണിറ്റ് തുടങ്ങിയവയാണു വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യ രണ്ടു ഘട്ടങ്ങൾ പൂർത്തിയായി. ആദ്യ ഘട്ടത്തിൽ 222 വീടുകളും അംഗൻവാടിയും കമ്യൂണിറ്റി ഹാളും പഠന കേന്ദ്രവും പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ 320 കുടുംബങ്ങൾക്കുള്ള ഭവന സമുച്ചയം പൂർത്തിയാക്കി.

**കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ്, തിരുവനന്തപുരം നഗരസഭാ വിഹിതങ്ങൾ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.** കാലാകാലങ്ങളിൽ പദ്ധതിചെലവിലുണ്ടാകുന്ന വർധന നഗരസഭയാണ് വഹിക്കുന്നത്. ആദ്യ രണ്ടു ഘട്ടങ്ങൾക്ക് 18.57 കോടി രൂപയാണ് കേന്ദ്രവിഹിതം. 11.14 കോടി രൂപ സംസ്ഥാനഗവൺമെന്റിന്റെ വിഹിതവും 18.73 കോടി രൂപ തിരുവനന്തപുരം നഗരസഭയും വഹിക്കുന്നു. പദ്ധതിക്കായി സംസ്ഥാനവും നഗരസഭയും ചേർന്ന് 62 ശതമാനത്തോളം ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഉപയോഗം കാർഷികമേഖലയ്ക്ക് പുതിയ മുഖവും മാനങ്ങളും നല്കുമ്പോൾ നമ്മുടെ നാട്ടിലെ ചെറുകിട കർഷകർക്ക് ഇത് എങ്ങനെ ഗുണകരമാകും എന്ന കാര്യത്തിൽ പല സംശയങ്ങളും നിലനിൽക്കുന്നുണ്ട്. വലിയ രീതിയിൽ ഉല്പാദനം നടത്തുന്ന (Large Scale Production) വികസിതരാജ്യങ്ങളിൽ വളരെ ഗുണകരമായ മാറ്റം ഇതുമൂലം വന്നിട്ടുണ്ട്. എന്നാൽ ഭാരതത്തിലെ കർഷകരെ ഇത് എങ്ങനെ സ്വാധീനിക്കും എന്നു നാം കാത്തിരുന്നു കാണേണ്ടതാണ്.

2022-23 ബജറ്റ് വളരെ പ്രതീക്ഷ നല്കുന്നതാണ് എന്നതിൽ രണ്ടുപക്ഷമില്ല. എന്നാൽ സമയബന്ധിതമായി ഇത് നടപ്പാക്കുന്നു എന്നുകൂടി നാം ഉറപ്പാക്കേണ്ടതാണ്. ഡിജിറ്റൽ മേഖലയിൽ പലമാറ്റങ്ങളും ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. പലതും നമ്മുടെ സമൂഹത്തെ ശരിയായ രീതിയിൽ സ്വാധീനിക്കാൻ സാധ്യതയുള്ളതുമാണ്. എന്നാൽ എത്രവേഗത്തിൽ താല്പര്യത്തോടെ നാം ഇത് നടപ്പിലാക്കുന്നു എന്നത് ഒരു വലിയ ചോദ്യം തന്നെയാണ്. പലപ്പോഴും പദ്ധതികൾ പ്രഖ്യാപനങ്ങൾ മാത്രമായി പോകുന്നതും തിരശ്ശീലയിലേക്ക് മറയുന്നതും നാം കാണാറുണ്ട്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ 100-ാം വാർഷികം നാം ആഘോഷിക്കുമ്പോൾ നമ്മുടെ രാജ്യം വികസനത്തിന്റെ കൊടുമുടിയിൽ എത്തുന്നുവെന്ന് ഉറപ്പിക്കണമെങ്കിൽ വിവരസാങ്കേതിക മേഖല ശരിയായ രീതിയിൽ വികസിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. അത്തരമൊരു ലക്ഷ്യം ഈ ബജറ്റിൽ നമുക്ക് കാണുവാൻ സാധിക്കുന്നുണ്ട്.

**(ആലുവ യു.സി. കോളേജ് സാമ്പത്തികശാസ്ത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖകൻ.)**